LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഇവിടെ സർക്കുലേറ്റ് ചെയ്ത eratta പിൻവലിക്കുകയാണെന്ന് പറയണ്ടേ?

ശ്രീ. കെ. ശങ്കരനാരായണൻ: ഇപ്പോൾ 12 ശതമാനം തന്നെയാണ് ടാക്സ്. ഇതൊരു മിസ്റ്റേക്ക് വന്നതാണ്.

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : സർ, For the clause in column 4 അതിനകത്ത് 8 എന്നുള്ളത് പ്രിന്റ് ചെയ്തിരുന്നില്ല 8 in column എന്ന് പറയണം. ടാക്സിനെ സംബന്ധിച്ചുള്ളതല്ല എട്ട്. ടാക്സിനെ സംബന്ധിച്ചുള്ളത് 12-ആണ്.

(3) 19-7-2004-ൽ ധനകാര്യവകുപ്പുമന്ത്രി സഭയുടെ മേശപ്പുറത്ത് വച്ച സ്റ്റേറ്റ്മെന്റ് സംബന്ധിച്ച്

ശ്രീ. എം. വി. ജയരാജൻ : സർ, നിയമസഭാ ചട്ടം 236(3) പ്രകാരം ധനാഭ്യർത്ഥനകളുടെ സ്ക്രൂട്ടിണി നടത്താനാണ് സബ്ജക്ട് കമ്മിറ്റികൾ. ആ സബ്ജക്ട് കമ്മിറ്റി സ്ക്രൂട്ടിണി നടത്തി റിപ്പോർട്ട് തയ്യാറാക്കി കഴിഞ്ഞാൽ ഇതിനകത്തുള്ള ശുപാർശകൾ നടപ്പിലാക്കുന്നതും നടപ്പിലാക്കാത്തതും വ്യക്തമായി ഈ സഭയെ ധരിപ്പിക്കണമെന്നുണ്ട്. അപ്രകാരമുള്ള ശുപാർശകൾ നടപ്പിലാക്കാൻ കഴിഞ്ഞില്ലെങ്കിൽ അതിനുള്ള കാരണവും അറിയിക്കേണ്ടതാണ്. അപ്രകാരമുള്ള ധനാഭ്യർത്ഥനകളെ സംബന്ധിച്ചുള്ള ഉപക്ഷേപം മന്ത്രി അവതരിപ്പിച്ചാലുടൻ തന്നെ അംഗങ്ങൾക്ക് വിതരണം ചെയ്യേണ്ടതാണ്. ഇന്നലെ വിതരണം ചെയ്യേണ്ടിയിരുന്ന 'മന്ത്രിയുടെ പ്രസ്താവന' ഇന്നാണ് കിട്ടിയത്. ഇന്നലെത്തന്നെ ചെയ്യേണ്ടിയിരുന്ന കാര്യം ധനകാര്യ വകുപ്പുമന്ത്രി ഇന്നലെ ചെയ്തില്ല. ഇത് ചട്ട വിരുദ്ധമാണ്. ഇതിന് അങ്ങ് വ്യക്തമായ റൂളിംഗ് നൽകണം. മന്ത്രിമാർ തന്നെ ചട്ടം ലംഘിക്കാൻ തുടങ്ങിയാൽ എങ്ങനെയാണ്? അതുകൊണ്ട് അങ്ങ് വ്യക്തമായ റൂളിംഗ് നൽകണം.

മി. ഡെ. സ്പീക്കർ : ഇന്നലെ സഭ പിരിയുന്നതിനു മുൻപ് മേശപ്പുറത്തു വച്ച സ്റ്റേറ്റുമെന്റിനേക്കുറിച്ചാണ് അങ്ങ് പറയുന്നത്. അത് വൈകുന്നേരം കവറിൽ തന്നിരുന്നു. ആ കാര്യത്തിൽ എന്തെങ്കിലും അനാദരവ് കാട്ടിയതായി ചെയർ കരുതുന്നില്ല.

നിയമനിർമ്മാണകാര്യം (തുടർച്ച)

ശ്രീ. ടി. പി. രാമകൃഷ്ണൻ: 2004-ലെ കേരള ധനകാര്യ ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 31-7-2004 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ: 2004-ലെ കേരള ധനകാര്യ ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.